ലക്കം 30
സെപ്റ്റംബർ 2022

# Ishal Paithrkam

Quarterly

# ഇശൽ പൈതൃകം

ത്രൈമാസിക

Volume 30
September 2022

മഹാകവി മോയിൻകുട്ടി വൈദ്യർ
മാപ്പിളകലാ അക്കാദമി
കൊണ്ടോട്ടി
സാംസ്കാരിക കാര്യ വകുപ്പ്
കേരള സർക്കാർ

# ഇശൽ പൈതൃകം

ത്രൈമാസിക ലക്കം: 30

# Ishal Paithrkam

issue 30

September: 2022

**മഹാകവി മോയിൻകുട്ടി വൈദ്യർ**

**മാപ്പിളകലാ അക്കാദമി**

**കൊണ്ടോട്ടി**

സെപ്റ്റംബർ 2022

ഇശൽ പൈതൃകം
ത്രൈമാസിക
ലക്കം: 30
2022 സെപ്റ്റംബർ
പകർപ്പാവകാശം: പ്രസാധകർക്ക്
വില: Rs. 300/-

ചീഫ് എഡിറ്റർ
ഡോ. ഹുസൈൻ രണ്ടത്താണി
എഡിറ്റർ
ഡോ. ഷംഷാദ് ഹുസൈൻ. കെ.ടി.
അസോസിയേറ്റ് എഡിറ്റർ
ഡോ. അനീസ് ആലങ്ങാടൻ
കോ-ഓഡിനേറ്റിംഗ് എഡിറ്റർ
ഡോ. കെ.കെ മുഹമ്മദ് അബ്ദുൽ സത്താർ

എഡിറ്റോറിയൽ ബോർഡ്
ഫൈസൽ എളേറ്റിൽ
റസാഖ് പയമ്പ്രോട്ട്
എം.എൻ. കാരശ്ശേരി
കാനേഷ് പൂനൂർ
സൈദലവി ചീരങ്ങോട്ട്

മാനേജിംഗ് കമ്മിറ്റി
ടി.കെ. ഹംസ
കെ.എ ജബ്ബാർ
പുലിക്കോട്ടിൽ ഹൈദരലി
കെ.വി. അബൂട്ടി
കെ.പി. സന്തോഷ്
ബഷീർ ചുങ്കത്തറ
വി.എം. ഫിറോസുദ്ദീൻ

പ്രസാധകർ
മഹാകവി മോയിൻകുട്ടി വൈദ്യർ
മാപ്പിള കലാ അക്കാദമി
കൊണ്ടോട്ടി: 673 638
ഫോൺ: 0483 2711432

ഇശൽ പൈതൃകത്തിൽ പ്രസിദ്ധീകരിക്കുന്ന രചനകളിലെ ആശയങ്ങൾ മാപ്പിളകലാ അക്കാദമിയുടേതോ, സംസ്ഥാന സർക്കാറിന്റേതോ, സാംസ്കാരിക വകുപ്പിന്റേതോ ആയിരിക്കണമെന്നില്ല. - എഡിറ്റർ

ISSN:2582-550X

Ishal Paithrkam
ISSN: 2582-550X
Peer-Reviewed
UGC Listed
Quarterly
Bilingual
Issue: 30
September: 2022
all rights reserved

Individual Price : Rs.300/-

Editor
Dr. Shamshad hussain. KT

Printed @ Aone offset

Ramanattukara

Publisher
Mahakavi Moyinkutty Vaidyar
Mappila Kala Akademi
Kondotty, 673638
Ph: 0483-2711432

www.mappilakalaacademy.org
www.ishalpaithrkam.info

copyright rests with the publisher. the authors are responsible for the contents and views expressed.

ISSN:2582-550X

## ഉള്ളടക്കം

ക്യൂർ കാമ്പസ് — 03
*ഡോ. ഷംഷാദ് ഹുസൈൻ കെ.ടി*

പരിസ്ഥിതിയും ഭാഷാപരിസ്ഥിതിയും — 09
*ഡോ.കെ.എം.ഭരതൻ*

നിറംപാട്ടിൻ വർണ്ണപ്പൊലിമ — 25
*ഡോ: സിന്ധു അന്തർജ്ജനം*

അഴലിന്റെ ആഴങ്ങളിൽ നിശബ്ദമാക്കപ്പെട്ട സ്ത്രീജീവിതങ്ങൾ ആണധികാരത്തിന്റെ അടയാളങ്ങൾ: വിജയലക്ഷ്മിയുടെ തെരെഞ്ഞെടുത്ത കവിതകളെ മുൻനിർത്തിയുള്ള പഠനം. — 38
*ഡോ. ദീപ ബി.എസ്*

മലയാളത്തിലെ പുതുകവിതകൾ: തെരഞ്ഞെടുത്ത സ്ത്രീകവിതകളെ മുൻനിർത്തിയുള്ള പഠനം — 56
*ഡോ. ജൂലിയാ ഡേവിഡ്*

ആഖ്യാന തന്ത്രങ്ങളിലെ ഫോക്‌ലോർ ഘടകങ്ങൾ യു.എ.ഖാദറിന്റെ ചെറുകഥകളെ ആസ്പദമാക്കി ഒരു പഠനം — 73
*ഡോ.പ്രിയ വി*

*'കാപ്പിരികളുടെ നാട്ടിൽ'* ഒരു പോസ്റ്റ്കൊളോണിയൽ അന്വേഷണം — 80
*മായ കെ*

കുറ്റാന്വേഷണ കഥകളുടെ പ്രാരംഭം: സമ്മതിയുടെ പ്രത്യയശാസ്ത്രവ്യവഹാരം — 105
*ഡോ. അജിത ചേമ്പൻ*

മണൽപ്പരപ്പിലെ അടിമജീവിതങ്ങൾ — 120
*സൂര്യ മുരളി എസ്*

പൊതുവഴികളും ഇരുളകങ്ങളും: മലയാളി സ്ത്രീയുടെ ജീവിതം കെ ആർ മീരയുടെ കഥകളിൽ 131
*ഡോ. നിമ്മി എ.പി*

മലയാളത്തിലെ സമാസക്രിയകളുടെ വർഗീകരണം: ഭാഷാശാസ്ത്രത്തിന്റെ വെളിച്ചത്തിൽ 139
*നിഷിതദാസ്*
*ഡോ. സെയ്തലവി. സി*

ഖറദാവിയുടെ നൂറ്റാണ്ട് 146
*അബ്ദുൽ ഹഫീദ് നദ്‌വി*

Changing Trends in the Portrayal of Female Subjectivity and Sexuality on OTT Platforms in India 153
*Dr. Lima Antony*

SK Pottekkad: As a Travelogue Writer 160
*Dr. Shamshad Hussain KT*

Part History, Part Memoir: Fariba Nawa's Migrant Memoir *Opium Nation* as a Counter Narrative 165
*Karthika B Nair*
*Dr. Lekshmi R. Nair*

Fear, Fluidity and Gender: A Lacanian Reading of Kamala Das 184
*P.K. Sreekumar*
*Priya Jose K*

The Traumatic Epiphanies: The Role of Trauma and Eco-kinship in Richard Powers' The Overstory 198
*Anjitha M S*
*Dr. Binny Mathew*

# പരിസ്ഥിതിയും ഭാഷാപരിസ്ഥിതിയും

ഡോ.കെ.എം.ഭരതൻ

*പരിസ്ഥിതിയും ഭാഷാപരിസ്ഥിതിയും രണ്ട് വ്യത്യസ്ത ആശയങ്ങളാണ്. ഇതുരണ്ടിനേയും ചേർത്തുവെച്ചുകൊണ്ട് താഴെ പറയുന്ന നാലു കാര്യങ്ങളെ അന്വേഷിക്കാനാണ് പ്രധാനമായും ഇവിടെ മുതിരുന്നത്. 1. ജൈവപരിസ്ഥിതി എങ്ങനെയാണ് ഭാഷയെ സ്വാധീനിക്കുന്നത്. 2. ജൈവ പരിസ്ഥിതി എങ്ങനെയാണ് ഭാഷയിൽ ആവിഷ്കരിക്കപ്പെടുന്നത്? അതിന്റെ പ്രകാരങ്ങളെന്തെല്ലാം?. 3. ഒരു ജനതയുടെ പാരിസ്ഥിതികാനുഭവങ്ങളും അവബോധവും സഞ്ചിത രൂപത്തിൽ ആവിഷ്ടമായിരിക്കുന്ന ഭാഷയേതായിരിക്കും? 4. ഭാഷാപരിസ്ഥിതിയിലെ (സാമൂഹ്യപരിസ്ഥിതി) മാറ്റം ഭാഷാവിഷ്ടമായ പാരിസ്ഥിതികാനുഭവത്തെയും അവബോധത്തെയും സ്വാധീനിക്കുന്നതെങ്ങനെയാണ്?*

**താക്കോൽവാക്കുകൾ:** മാതൃഭാഷ, ജൈവപരിസ്ഥിതി, ഭാഷാപരിസ്ഥിതി, ഭാഷാമരണം, വിനിമയശൃംഖല, ഉന്നലചലനാത്മകത

ജർമൻ ചിന്തകനായ മാർട്ടിൻ ഹൈഡഗർ (1889-1976) ജീവിതഭവനം (House of Being), വായയുടെ പൂവ് (Flowers of Mouth) എന്നിങ്ങനെയാണ് ഭാഷയെ വിശേഷിപ്പിച്ചത്. നമ്മുടെ ജീവിതത്തിന്റെ വീടാണ് ഭാഷ. മറ്റൊരു തരത്തിൽ പറഞ്ഞാൽ ഭാഷയ്ക്കുള്ളിലാണ് നാം ജീവിക്കുന്നത്. ചെടിയെന്ന യാഥാർഥ്യത്തിന്റെ ആവിഷ്കാരമാണ് പൂവ്. അതിനകത്ത് വിത്തായിരിക്കുന്നത് അതേ ചെടിയുടെ ജീവിതം തന്നെയാണ്. ഭാഷ, വായയുടെ പൂവായിരിക്കുമ്പോൾ ഒരേ സമയം അത് മനുഷ്യന്റെ യാഥാർഥ്യങ്ങളുടെ ആവിഷ്കാരവും മനുഷ്യൻ എന്ന യാഥാർഥ്യത്തെ സംവഹിക്കുന്നതും ആണ്. രണ്ടു വിശേഷണങ്ങളിലും മനുഷ്യജീവിതം ഒരു ഭാഷാ നിർമ്മിതിയാണ് എന്നതിനെയാണ് ഹൈഡഗർ ലക്ഷ്യമാക്കുന്നത്. എന്നാൽ

ISSN:2582-550

ഭാഷയിൽ ആദിമവും വിശുദ്ധവുമായൊരു ഭവനമുണ്ടെന്നാണ് അക്കാലത്തെ അധീശജർമൻ യുക്തിയോടൊപ്പംനിന്ന് അദ്ദേഹം വാദിച്ചത്. അങ്ങനെയൊരു ആദിമ-വിശുദ്ധഭവനം ഭാഷയിൽ ഇല്ലെന്നും കാലത്തോടൊപ്പം നവീകരിക്കപ്പെടുന്ന ജീവിതഭവനമാണ് ഏതൊരു ഭാഷയും എന്ന് ഇതിനകം പലമട്ടിൽ തെളിയിക്കപ്പെട്ടിട്ടുണ്ട്. ഈ ബോധ്യമാണ് പരിസ്ഥിതിയെയും ഭാഷാ പരിസ്ഥിതിയെയും ചേർത്തുനിർത്തി ആലോചിക്കുമ്പോൾ ഒന്നാമതായി നമ്മളിൽ ഉണ്ടാകേണ്ടത്.

നാം ആണ്ടുമുഴുകി ജീവിക്കുന്ന പ്രകൃതി അതേപടി നമ്മുടെ ഭാഷയിൽ ആവിഷ്കൃതമായിരിക്കുന്നു എന്ന ധാരണ ശരിയല്ല. ഇന്നാരും അങ്ങനെ കരുതുമെന്നും തോന്നുന്നില്ല. അനാദികാലത്തേക്കായി ഒരർഥവും ഭാഷയിൽ നിർമ്മിക്കപ്പെടുന്നില്ല. അതുകൊണ്ടു തന്നെ ആവശ്യം വരുമ്പോൾ തിരിച്ചുപോകാവുന്ന ഒരമ്മ വീടും ഭാഷയിലില്ല. പരിണമിച്ചുകൊണ്ടേയിരിക്കുന്ന ഭാഷയുടെ മാറ്റത്തിന്റെ സ്വഭാവം എന്താണെന്നും പരിണാമദിശ എങ്ങോട്ടാണെന്നും നാം അറിഞ്ഞിരിക്കേണ്ടതുണ്ട്.

എഡ്വേർഡ് സപീർ ഭാഷയ്ക്കു നല്കിയ പല വിശേഷണങ്ങളിൽ ഒന്ന് അത് ചിന്തയുടെ സമാഹൃതകലയാകുന്നു (Language is collective art of thought) എന്നതാണ്. ഇതിനർഥം പരിസ്ഥിതിയെന്ന ഭൗതികസത്തയല്ല ഭാഷയിൽ ആവിഷ്കൃതമാകുന്നത്, മറിച്ച് പരിസ്ഥിതിയെന്ന സാമൂഹ്യാനുഭവമാണ് എന്നാകുന്നു. സാമൂഹീകരിക്കപ്പെട്ട പാരിസ്ഥിതികാനുഭവങ്ങളുടെ സാന്ദ്രിമയാണ് ഭാഷയിൽ മുദ്രിതമായിരിക്കുന്ന പരിസ്ഥിതി. സാമൂഹീകരണമെന്നത് സമൂഹവും അതിന്റെ ഘടനയും മാറുന്നതിനനുസരിച്ച് മാറിക്കൊണ്ടിരിക്കും. ഓരോ ജനതയുടേയും പാരിസ്ഥിതികാനുഭവങ്ങളുടെ സമാഹൃതരൂപം ലോകത്തെ സംബന്ധിച്ച് പ്രധാനമാണ്. അതിൽ തങ്ങളുടെ പരിസ്ഥിതിയുടെ നേർക്ക് അതത് ജനതയ്ക്കുള്ള നിരീക്ഷണവും അതുവഴിയുള്ള വൈജ്ഞാനികതയും ഉണ്ടായിരിക്കും. അതത് ജനതയുടെ ഭാഷയിലാണ് ഇവ മുദ്രണം ചെയ്യപ്പെട്ടിരിക്കുന്നത്. ഇതിന്റെ തുടർച്ച ഓരോ ജനതയ്ക്കും ലോകത്തിനും ഒരുപോലെ പ്രധാനമാണ്.

അത് തിരിച്ചറിഞ്ഞുകൊണ്ടാണ് തദ്ദേശീയഭാഷകൾ സംരക്ഷിക്കേണ്ടുന്നതിന്റെ ആവശ്യകതയെക്കുറിച്ച് യുനസ്കോ ആവർത്തിച്ചു പറയുന്നത്. 2019 അന്താരാഷ്ട്ര തദ്ദേശീയ ഭാഷാവർഷമായി ഐക്യരാഷ്ട്രസഭ ആചരിച്ചതും ഈ പ്രധാന്യത്തെ സൂചിപ്പിക്കു

ലോകപരിസ്ഥിതിയുടെ സന്തുലിതാവസ്ഥയെ ബാധിക്കുമെന്ന് ഇന്നു നമുക്കറിയാം. ജൈവവൈവിധ്യം പരിപാലിക്കുകയെന്നാൽ ലോകത്തിലെ സകല പരിസ്ഥിതിവൈവിധ്യങ്ങളും പാലിക്കപ്പെടലാണെന്ന് നമുക്കറിയാം. അതിനാൽ ഓരോ ജനതയുടെ പാരിസ്ഥിതിക ശ്രദ്ധയും പ്രധാനമാണ്. അതുകൊണ്ടുതന്നെ ഓരോ തദ്ദേശീയ ഭാഷയും പ്രധാനമാണ്. ലോകഭാഷാനാശഭൂപടത്തിൽ 228 ഭാഷകൾ ഇല്ലാതായി. ഇതിൽ ഇന്ത്യയിലെ അഞ്ചെണ്ണം കൂടി ഉൾപ്പെടുന്നു. 2011 സെൻസസ് പ്രകാരം 197 ഭാഷകൾ ഇന്ത്യയിൽ ഭാഷാമരണത്തിന്റെ വക്കിലാണ്. ഇന്ത്യയിൽ 22 ഷെഡ്യൂൾഡ് ഭാഷകളും 99 നോൺ ഷെഡ്യൂൾഡ് ഭാഷകളുമാണുള്ളത്. സർക്കാരിതര സംഘടനയായ ഭാഷാ റിസർച്ച് ആന്റ് പബ്ലിക്കേഷൻ നടത്തിയ ജനകീയ ഭാഷാ സർവ്വേ 2012; ഇന്ത്യയിൽ 780 ഭാഷകൾ ഉള്ളതായി പറയുന്നു. അതിൽ 480 എണ്ണവും (61%) ഗോത്രഭാഷകളാണ്. ഈ ഗോത്ര ഭാഷകളിലേറെയും സർക്കാർ കണക്കിൽ വരാത്തവയും ഭാഷാ മരണത്തിലേക്കു നീങ്ങുന്നവയുമാണ്. (ലിജിഷ എ.ടി. 2020). മലയാള സർവകലാശാലയിലെ ഭാഷാശാസ്ത്ര വിഭാഗത്തിൽനിന്നും ഈ അടുത്തകാലത്ത് പിഎച്ച്.ഡി. ബിരുദത്തിനു ശുപാർശചെയ്യപ്പെട്ട പ്രബന്ധമാണ് ലിജിഷ എ.ടിയുടെ ചോലനായ്ക്കൻ ഭാഷ: പരിസ്ഥിതിശാസ്ത്രപഠനം എന്നുള്ളത്. ഡോ.എം.ശ്രീനാഥന്റെ മാർഗദർശിത്വത്തിൽ നിർവഹിക്കപ്പെട്ടിട്ടുള്ള ഈ ഗവേഷണ പ്രബന്ധം 112 കുടുംബങ്ങളിലായി 296 പേർ മാത്രം സംസാരിക്കുന്ന കേരളത്തിലെ ചോലനായ്ക്കഭാഷ എങ്ങനെയാണ് ലോകത്ത് മറ്റൊരിടത്തുമില്ലാത്ത പാരിസ്ഥിതികാനുഭവങ്ങളെയും നിരീക്ഷണങ്ങളെയും വൈജ്ഞാനികതയെയും രേഖപ്പെടുത്തി വെച്ചിരിക്കുന്നതെന്ന് വിശദീകരിക്കുന്നു. ചോലനായ്ക്ക ഭാഷയെ മുൻനിർത്തി എന്തിന് ലോകത്ത് ഇത്തരം ഭാഷകൾ സംരക്ഷിക്കപ്പെടണമെന്നും ചോലനായ്ക്കഭാഷയെ സംരക്ഷിക്കാൻ എന്തെല്ലാം ഇടപെടലുകൾ ആവശ്യമാണെന്നും ഈ ഗവേഷണം ഓർമ്മിപ്പിക്കുന്നു. പരിസ്ഥിതി ഭാഷാശാസ്ത്രം, ഹരിതഭാഷാ ശാസ്ത്രം എന്നെല്ലാമുള്ള പേരുകളിൽ ഭാഷ, പരിസ്ഥിതി, സംസ്കാരം എന്നിവയെക്കുറിച്ചും ഇവ തമ്മിലുള്ള പരസ്പരബന്ധത്തെക്കുറിച്ചും കൂടുതൽ മെച്ചപ്പെട്ടതരത്തിൽ ഇവയെ നിലനിർത്തേണ്ടതിനെക്കുറിച്ചുമുള്ള പഠനങ്ങൾ മലയാളത്തിലും ശക്തിപ്പെട്ടുവരുന്നുണ്ട്.

പരിസ്ഥിതിയുടെ സ്വാധീനം പദതലം, അർത്ഥതലം, വ്യാകരണതലം എന്നിവയിലെല്ലാമുണ്ടാകുമെന്ന് സപീർ പറയുന്നുണ്ട്. എന്നാൽ നമുക്ക് പ്രത്യക്ഷത്തിൽ കാണാൻ കഴിയുന്നത്

പദതലത്തിലെ സ്വാധീനതയാണ്. ഒരു ചെടിയെ കുറിക്കാൻ ഒരു ഭാഷയിൽ ഒന്നോ അതിലധികമോ പേരുണ്ട് എന്നതിനർത്ഥം ആ ചെടിയെ ജനത തിരിച്ചറിയുന്നു, അഥവാ പല രീതിയിൽ തിരിച്ചറിയുന്നു എന്നാണ്. ഈ തിരിച്ചറിവിനടിസ്ഥാനം ചെടിയുടേയോ അതിന്റെ ഏതെങ്കിലും ഭാഗത്തിന്റെയോ നിറം, ഗന്ധം, ആകൃതി, അവസ്ഥ, സ്വഭാവം, ധർമ്മം, പ്രയോജനം തുടങ്ങിയ എന്തെങ്കിലുമാകും. ഉദാഹരണത്തിന് കുത്തൻ എന്നപേരിൽ ഒരു ചെടിയുണ്ട്, വടകര പ്രദേശത്ത്. ഹിറ്ററോപോഗോൺ കോൺടോർസസ് എന്നാണിതിന്റെ ശാസ്ത്രീയനാമം. പുല്ലുവർഗത്തിൽപ്പെട്ട ഒരു ചെടിയാണിത്. ആരെങ്കിലും ഇതിനെ തൊട്ടുകൊണ്ടു നടക്കാനിടയായാൽ ചെറിയ വിത്തുകൾ അവരുടെ ഉടുപ്പിൽ കുത്തിപ്പിടിക്കും. പിന്നീട് നുള്ളിയെടുക്കേണ്ടിവരും. അതുകൊണ്ടാണ് കുത്തൻ എന്ന പേരു വന്നത്. ഇത് കുത്തൻ എന്ന ചെടിയെക്കുറിച്ചും അതിന്റെ വിത്തുവിതരണരീതിയെക്കുറിച്ചുമുള്ള തദ്ദേശീയരുടെ അറിവാണ്. പുല്ല്, വള്ളിച്ചെടി, കുറ്റിച്ചെടി, ഓഷധി, മരം എന്നിങ്ങനെ ചെടികളെ നാം പലതായി വർഗീകരിച്ചിട്ടുണ്ട്. സസ്യശാസ്ത്രത്തിന്റെ വർഗീകരണത്തിൽ പുല്ല് എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള ചെടിയാണ് മുള. ഗ്രാമിനേ എന്നാണ് അതിന്റെ കുടുംബനാമം. എന്നാൽ മലയാളം ഇതിനെ വൃക്ഷം അഥവാ മരം എന്ന വിഭാഗത്തിലാണ് പെടുത്തിയിട്ടുള്ളത്. രൂപവും ഘടനയുമാണ് ശാസ്ത്രീയ വർഗീകരണത്തിന്റെ അടിസ്ഥാനമെങ്കിൽ ധർമ്മം അഥവാ ഉപയോഗമാണ് തദ്ദേശീയ വർഗ്ഗീകരണത്തിനു പിറകിലുള്ളത്. കാവുകളിലും രാഷ്ട്രീയപ്പാർട്ടി സമ്മേളനത്തിലും കൊടിമരമായി ഉപയോഗിക്കുന്നത് മലബാറിൽ കൂടുതലും മുളയാണ്. തെങ്ങുകയറ്റക്കാരും മറ്റും ഇതിനെ പ്രാദേശികമായി മുകളിലേക്കു കയറുന്നതിനുള്ള ഉപാധിയായി (ഏണി/കോണി) ഉപയോഗിക്കാറുണ്ട്. കൊടി ഉയർത്തുന്നതിനായി എഴുന്നള്ളിച്ചോ ജാഥയായോ കൊണ്ടുപോകുമ്പോൾ അമ്പലകമ്മിറ്റിക്കാരുടെ നോട്ടീസിൽ ഏണിവരവെന്നും പാർട്ടി സമ്മേളനനോട്ടീസിൽ കൊടിമരജാഥ എന്നും മുദ്രണം ചെയ്യപ്പെടുന്നു. ചേനത്തണ്ടൻ എന്ന പാമ്പിന്റെ പേരിനുപിറകിൽ അതിന് ചേനയെന്ന സസ്യത്തിന്റെ തണ്ടിനോടുള്ള രൂപപരമായ സാദൃശ്യത്തെക്കുറിച്ചുള്ള അറിവാണുള്ളത്.

തെങ്ങിന്റെ പൂവിൽനിന്ന് തേങ്ങയിലേക്കുള്ള വളർച്ചയെ എത്ര സൂക്ഷ്മമായാണ് മലയാളി രേഖപ്പെടുത്തിയിട്ടുള്ളത് എന്നതിന്റെ അടയാളം കൂടിയാണ് മലയാളത്തിൽ ഇതു സംബന്ധിച്ചുള്ള വാക്കുകൾ തെങ്ങിൻപൂക്കുല> മച്ചിങ്ങ (പീച്ചിങ്ങ,

വെളിച്ചിൽ)>കരിക്ക്>ഇളനീർ>ബന്നങ്ങ>തേങ്ങ>കൊപ്ര, ബോഡ എന്നിങ്ങനെ എത്ര സൂക്ഷ്മമാണ് മലയാളിയുടെ തെങ്ങിനോടുള്ള നോട്ടങ്ങൾ എന്നുകാണാം. പച്ചത്തേങ്ങ, വരണ്ടതേങ്ങ, കൊട്ടത്തേങ്ങ, കൊയ്യായിതേങ്ങ എന്നിങ്ങനെ തേങ്ങ തന്നെ പല വിധമുണ്ട്. തൊണ്ട്[1], പൊയ്മടൽ[2], പൊങ്ങ്[3], എന്നിങ്ങനെയുള്ള അവസ്ഥാന്തരങ്ങളും അതിനുണ്ട്. കാമ്പ്, ചിരട്ട, മടല്, ചകിരി എന്നിങ്ങനെ തേങ്ങയ്ക്കുതന്നെ വ്യത്യസ്ത ഭാഗങ്ങൾ. ചിലപ്പോൾ തൊണ്ടും പൊയ്മടലും പൊങ്ങും ചില പ്രത്യേക മനുഷ്യരെ കുറിക്കുന്നതിനുള്ള വാക്കുകൾ കൂടിയാകും. അപ്പോൾ അതിനു പുതിയ സാംസ്കാരികാർത്ഥങ്ങൾ കൂടിയുണ്ടാകും.

മുള എന്ന വാക്ക് ആ ചെടിയുമായി ബന്ധപ്പെട്ട് മലയാളിക്കുള്ള എല്ലാ അനുഭവങ്ങളെയും അതിന്റെ പാരിസ്ഥിതിക വൈജ്ഞാനികതയെയും അടയാളപ്പെടുത്തുന്നു. ആ വാക്കിനൊപ്പം തന്നെ മലയാളത്തിൽ മുളയാണി, മുളയരി (മുളന്തരിപ്പായസം) മുളങ്കാട്, ഏണി, കൊടിമരം, മുളങ്കുറ്റി, മുളനാഴി, മുളന്തണ്ട്, പുല്ലാങ്കുഴൽ, മുളയുല്പന്നങ്ങൾ തുടങ്ങിയ നിരവധി വാക്കുകളുണ്ട്. ഇങ്ങനെ അനവധിയായിരിക്കുന്ന വാക്കുകളുടെ ശൃംഖലാബന്ധങ്ങളിൽനിന്നാണ് ഈ വാക്കിന്റെ പാരിസ്ഥിതികാർത്ഥവും സാംസ്കാരികാർത്ഥവുമെല്ലാം തെളിഞ്ഞു വരുന്നത്. കര, കടൽ, പുഴ തോട്, കായൽ, അരുവി, കുളം, തീരം, കാട്, കുന്ന്, മല, ചെരിവ്, നിരപ്പ്, വയൽ, പള്ളം, കൈപ്പാട്, പൊയിൽ, പാറ, മണൽ, എക്കൽ, ചതുപ്പ് തുടങ്ങിയ പദങ്ങളെല്ലാം ചിലതരം പാരിസ്ഥിതിക വൈജ്ഞാനികതയെ സംവഹിക്കുന്നതായി കാണാം. ജൈവപ്രകൃതിയുടെ സാമൂഹീകൃതരൂപമാണ് ഭാഷാപദങ്ങളിലെ പരിസ്ഥിതി.

ജൈവപ്രകൃതിയുടെ സാമൂഹീകരണമെന്നത് സാമൂഹ്യഘടന, അധികാരം, പ്രത്യയശാസ്ത്രം, തൊഴിൽ, വൈജ്ഞാനികത എന്നിവയുമായിട്ടുകൂടി ബന്ധപ്പെട്ടിരിക്കും. ഇവയെല്ലാമുൾപ്പെട്ട ശൃംഖലാബന്ധങ്ങളും അതിന്റെ സമഗ്രതയുമാണ് സാമൂഹികപരിസ്ഥിതി. ഭാഷയിലാവിഷ്ടമാകുന്ന ജൈവപ്രകൃതിയുടെ സ്വഭാവമുൾപ്പെടെ ഒരു ഭാഷ എന്താകണം, എങ്ങനെയാകണം എന്നു തീരുമാനിക്കുന്നത് അതിന്റെ സാമൂഹ്യപരിസ്ഥിതിയാണ്. ഈ സാമൂഹ്യപരിസ്ഥിയെയാണ് ഭാഷാപരിസ്ഥിതി എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. ഒരു ജനതയുടെ ജൈവപരിസ്ഥിതിയെയും സാമൂഹ്യപരിസ്ഥിതിയെയും ഒരുപോലെ പുണർന്നും അതിൽ പുലർന്നും ജനിക്കുന്ന ഭാഷ അവരുടെ മാതൃഭാഷയായിരിക്കും. അതിനാൽ ഒരു സമൂഹത്തിന്റെ ജൈവപ്രകൃതിയുടെ സാമൂഹീകൃത

ISSN:2582-550

ഗാഢവും വിപുലവുമായി
രൂപങ്ങൾ ഏറ്റവും സൂക്ഷ്മവും ഗാഢവും വിപുലവുമായി മാതൃഭാഷയിലായിരിക്കും
അടയാളപ്പെട്ടിരിക്കുന്നത് അവരുടെ മാതൃഭാഷയിലായിരിക്കും. ആഴത്തിൽ അടയാളപ്പെട്ടിരിക്കു
കേരളത്തിന്റെ പരിസ്ഥിതി ഏറ്റവും ആഴത്തിൽ അടയാളപ്പെട്ടിരിക്കു
ന്നത് മലയാളത്തിലാണെന്ന് പൊതുവെ നാം പറയുമ്പോഴു
കേരളത്തിലെ ഒരാദിവാസിക്കോ അതിർത്തി മേഖലയിലെ
തമിഴനോ കന്നടികനോ അതങ്ങനെയല്ല മുദ്രണം ചെയ്തിട്ടുള്ളത്.
കേരളത്തിൽ ഇംഗ്ലീഷ് വിദ്യാലയങ്ങൾ നിലവിൽവന്നിട്ട് ഒന്ന
നൂറ്റാണ്ട് പിന്നിട്ടുവെങ്കിലും മലയാളിയുടെ പൊതുബോധത്തിൽ
കാക്ക കരയുന്നത് കാ... കാ.. എന്നുതന്നെയാണ്. അത് ഇതുവരെ
ക്രോ.. ക്രോ... (crow) എന്നായിട്ടില്ല.[4]. ബലിക്കാക്കയ്ക്കുപകരം ഒരു
ബലിക്രോയും കാവുതിക്കാക്കയ്ക്കുപകരം ഒരു കാവുതിക്രോയു
ഇംഗ്ലീഷിൽ ഉണ്ടാകാത്തതിന്റെ കാരണം ഇത് ഇംഗ്ലീഷുകാരുടെ
യല്ല, മലയാളിയുടെ പാരിസ്ഥിതികാനുഭവമാണ് എന്നുള്ളതാണ്.
വൈലോപ്പിള്ളിയുടെ കാക്കയും കാക്കകുളിച്ചാൽ കൊക്കാകുമോ
എന്ന പഴഞ്ചൊല്ലും കെ.ഇ.എൻ.ന്റെ കറുപ്പിന്റെ സൗന്ദര്യശാസ്ത്ര
വുമെല്ലാം മലയാളത്തിൽ എഴുതപ്പെടുന്നതിന്റെയും ഇംഗ്ലീഷിൽ
എഴുതപ്പെടാത്തതിന്റെയും കാരണം മറ്റൊന്നല്ല. ഇത് ഭാഷയു
സംസ്കാരവും പരിസ്ഥിതിയും ചേർന്നു നടത്തുന്ന സംയുക്ത
നിക്ഷേപമാണ്. ഈ സംയുക്തനിക്ഷേപമാണ് ഏതൊരു
ഭാഷയുടേയും കരുതൽ മൂലധനം. ഭാഷയും അതിന്റെ വിനിമയവു
കരുത്താർജ്ജിക്കുന്നത് ഈ മൂലധനത്തിൽനിന്നാണ്. എന്നാൽ
മറ്റേതൊരു മൂലധനത്തെയുംപോലെ അധികാരവും രാഷ്ട്രീയവു
ഉൾച്ചേർന്നതാണ് ഈ മൂലധനവും. അതിനാൽ ഈ മൂലധനത്തെ
സ്ഫുടം ചെയ്തെടുക്കുകയെന്നത് സാമൂഹ്യമണ്ഡലത്തിലെ മറ്റു
പ്രവർത്തനങ്ങളോടൊപ്പം ഭാഷയിലും നടക്കേണ്ടുന്ന ഒരു
പ്രവർത്തനമാണ്.[5] ലോകത്തു നടക്കുന്ന ഭാഷായുദ്ധങ്ങളുടെ
മണ്ഡലം തൊഴിലാളി സംഘടനകൾ താരതമ്യേന അവഗണിച്ചി
ട്ടുള്ള സന്ദർഭമാണെന്നും ഇതിൽ എപ്പോഴും ജയിക്കുന്നത്
വർഗശത്രുക്കളാണെന്നും ജീൻ ജാക്വസ് ലിസർക്ക്ൾ അഭിപ്രായപ്പെടു
ന്നുണ്ട്. സമീപകാലത്തുനടന്ന ലോകത്തിലെ തൊഴിലാളി
മുന്നേറ്റങ്ങൾ പരാജയപ്പെട്ടതിൽ ഇതൊരു പ്രധാനകാരണമാണെ
ന്നും ഉള്ള അദ്ദേഹത്തിന്റെ നിരീക്ഷണവും ഇവിടെ ചേർത്തുവെക്കാ
വുന്നതാണ്.[6]

വസ്തുവും വസ്തുവും തമ്മിലുള്ള ബന്ധത്തെക്കുറിച്ചുള്ള
ചർച്ചകൾ ബി.സി.നാലാം നൂറ്റാണ്ടു മുതലെങ്കിലും ഗ്രീക്കിലും
ഇന്ത്യയിലുമുണ്ടായ ചിന്തകളിൽ കാണാൻ കഴിയും



Ishal Paithrkam, Peer-Revi

ബോധപൂർവ്വമായ സ
മാറുന്നതും ഒരു പ്ര
ശാസ്ത്രം ഉയർന്നുവരു
അതൊരു ജനകീയ
സംവാദമണ്ഡലത്തി
നൂറ്റാണ്ടിന്റെ മദ്ധ്യ
ആഗോളവല്കരണ
പിൽക്കാല ആധുനി
യും സന്ദർഭം കുടി

ആധുനികത
നാം ഉയർത്തിക്കാ
മാനവകേന്ദ്രിതമാ
മുന്നേറ്റത്തിനിടയി
പരിശോധിക്കേണ്ടി
പ്പിക്കപ്പെട്ട മനു
ഉയർന്നുവരുന്നത
മുതലാളിത്ത വി
കാരമായി മാറ
ദുർബലമാവുക
ആഗോളീകരണ
അധികാരം കോ
ചെയ്യപ്പെട്ടു. ലേ
സമ്പദ്ഘടനയ
പ്രവർത്തനത്ത
ലും ആശയവി
മുന്നേറ്റവും ഇ
ക്രമത്തിന്റെ ഉ
വിഛേദത്തി
സാമൂഹ്യപര

ഇത
തിയെ എങ്ങ
അതിൽ ഒ
കാരങ്ങളും
മായി മാറി
അതിനെ
കൊളോ

ബോധപൂർവ്വമായ സംവാദത്തിന്റെ ഭാഗമായി പരിസ്ഥിതി മാറുന്നതും ഒരു പ്രത്യേക ജ്ഞാനവിഷയമായി പരിസ്ഥിതി ശാസ്ത്രം ഉയർന്നുവരുന്നതും 18-19 നൂറ്റാണ്ടോടെയാണ്. എന്നാൽ അതൊരു ജനകീയജ്ഞാനവിഷയമായി മാറുന്നതും പൊതു സംവാദമണ്ഡലത്തിന്റെ ഭാഗമായിത്തീരുന്നതും ഇരുപതാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിലാണ്. ഇതാകട്ടെ ലോകം ആഗോളവല്ക്കരണത്തിന്റെ പടിവാതിൽക്കലെത്തി നില്ക്കുന്ന പിൽക്കാല ആധുനികതയുടെയും വികസിത മുതലാളിത്തത്തിന്റെയും സന്ദർഭം കൂടിയാണ്.

ആധുനികതയെ സാധ്യമാക്കിയ ഏറ്റവും പ്രധാനഘടകമായി നാം ഉയർത്തിക്കാണിക്കാറുള്ളത് മനുഷ്യകേന്ദ്രിതമായ അഥവാ മാനവകേന്ദ്രിതമായ ദർശനങ്ങളെയാണ്. ആധുനികതയുടെ മുന്നേറ്റത്തിനിടയിൽ ഈ ദർശനങ്ങൾക്കുണ്ടായ പരിണാമത്തെയും പരിശോധിക്കേണ്ടിയിരിക്കുന്നു. വ്യക്തി എന്ന നിലയിൽ വിമോചിപ്പിക്കപ്പെട്ട മനുഷ്യർ പൗരസമൂഹമായും ദേശരാഷ്ട്രമായും ഉയർന്നുവരുന്നതാണ് ആധുനികതയുടെ ആദ്യഘട്ടത്തിൽ കണ്ടത്. മുതലാളിത്ത വികാസത്തോടെ രാഷ്ട്രാധികാരമെന്നത് മൂലധനാധികാരമായി മാറുകയും സാഹോദര്യംപോലുള്ള മൂല്യങ്ങൾ ദുർബലമാവുകയും ചൂഷണം പ്രധാനമാകുകയും ചെയ്തു. ആഗോളീകരണം യാഥാർത്ഥ്യമാകുന്നതോടെ ദേശരാഷ്ട്രങ്ങളുടെ അധികാരം കോർപ്പറേറ്റ് മൂലധനത്തിന്റെ അധികാരത്താൽ ആദേശം ചെയ്യപ്പെട്ടു. ലോകത്ത് നിലനിൽക്കുന്ന അധികാര ഘടനയുടെയും സമ്പദ്ഘടനയുടെയും സാമൂഹ്യഘടനയുടെയും സ്വഭാവത്തിലും പ്രവർത്തനത്തിലും വലിയ മാറ്റങ്ങൾ ഉണ്ടായി. സാങ്കേതികവിദ്യയിലും ആശയവിനിമയമേഖലയിലും വിപണി ശൃംഖലയിലും ഉണ്ടായ മുന്നേറ്റവും ഇതിന്റെയെല്ലാം പരസ്പരബന്ധിതത്വവും പുതുലോകക്രമത്തിന്റെ ഉദയത്തിന് ആക്കം കൂട്ടി. ഇതിന്റെയെല്ലാം ഫലമായി വിച്ഛേദത്തിനുസമാനമായ വ്യതിയാനം പല രാജ്യങ്ങളുടേയും സാമൂഹ്യപരിസ്ഥിതിയിലുണ്ടായി.

ഇതിൽ പ്രധാനപ്പെട്ട ചില വ്യതിയാനങ്ങൾ ഭാഷാപരിസ്ഥിതിയെ എങ്ങനെയാണ് സ്വാധീനച്ചതെന്ന് നമുക്കു പരിശോധിക്കാം. അതിൽ ഒന്ന് ദേശീയതയാണ്. നൂറുകണക്കിനു ഭാഷകളും സംസ്കാരങ്ങളുമുള്ള ഇന്ത്യ ഏക ദേശീയതയുള്ള ഒരു രാഷ്ട്ര സംവിധാനമായി മാറിയപ്പോൾ 'ഒറ്റരാഷ്ട്രം ഒറ്റ ഭാഷ' എന്ന മുദ്രാവാക്യത്തിലൂടെ അതിനെ ഭാഷയിൽ ഏകീകരിക്കാനുള്ള ശ്രമവും ഉണ്ടായി. കൊളോണിയൽ ഇന്ത്യയിൽ ഇംഗ്ലീഷിനെ മുൻനിർത്തിയാണ് ഈ

ഏകീകരണശ്രമമുണ്ടായത്. സ്വാതന്ത്ര്യാനന്തരം ഹിന്ദിയെ ഏക
ഭാഷയും രാഷ്ട്രഭാഷയും ആക്കുവാനുള്ള ശ്രമമുണ്ടായി. എന്നാൽ
ഭാഷാ സംസ്ഥാന രൂപീകരണത്തിനുവേണ്ടി ആന്ധ്രയിൽ നട
സമരങ്ങളും ഹിന്ദി അടിച്ചേൽപ്പിക്കുന്നതിനെതിരെ തമിഴ്നാട്ടിലു
മറ്റും നടന്ന സമരങ്ങളും ഈ അവസ്ഥയിൽ ഒട്ടേറെ മാറ്റങ്ങൾക്ക
വഴി തെളിയിച്ചു. ഇന്നിപ്പോൾ ഇംഗ്ലീഷോ ഹിന്ദിയോ
പട്ടികപ്പെടുത്തിയിട്ടുള്ള 22 ഭാഷകളിൽ ഒന്നോ ഇന്ത്യയി
ഔദ്യോഗികാവശ്യങ്ങൾക്കായി ഉപയോഗിക്കാവുന്നതാണ്
മുതലാളിത്ത വികാസവും വിപണിയുടെ ശൃംഖലാവ
മൂലധനകേന്ദ്രിതത്വവും ഇംഗ്ലീഷിലേക്കുള്ള കേന്ദ്രീകരണത്തിലേ
ക്കാണ് പതുക്കെപ്പതുക്കെ നമ്മെ നയിച്ചത്. വിദ്യാഭ്യാസം, ഭരണ
കോടതി എന്നീ ആവശ്യങ്ങൾക്കുപയോഗിച്ച ഭാഷകൾക്ക് പുതി
പദവി ഉണ്ടായി. ആധുനിക രാഷ്ട്രത്തിന്റെ ഔദ്യോഗിക സന്ദർഭ
ളിലും ആധുനിക ജീവിതത്തിന്റെ പുത്തൻസന്ദർഭങ്ങളിലും ഇംഗ്ലീ
ഇതര ഭാഷകൾ പ്രയോഗക്ഷമമല്ലെന്ന ചിന്ത വ്യാപകമായ
അതോടെ അത്തരം പ്രാദേശിക ഭാഷകളിൽ ആവിഷ്കരിക്കപ്പെ
ജനതകളുടെ പാരിസ്ഥിതികവും സാമൂഹ്യവും സാംസ്കാരികവു
മായ ഓർമ്മകൾ തുടർച്ച നഷ്ടപ്പെട്ട് വിസ്മൃതമാകാൻ തുടങ്ങി. വിദ്യ
ഭ്യാസത്തിന്റെയും വിജ്ഞാനത്തിന്റെയും ഭാഷ ഇംഗ്ലീഷാണെന്ന
വന്നതോടെ മലയാളത്തിന് വൈജ്ഞാനിക ഭാഷയെന്നതിനിലയിൽ
ഇടിവുതട്ടി. പുതുവൈജ്ഞാനികതയുടെ കാര്യത്തിൽ ആവിഷ്ക
ണക്ഷമത കുറഞ്ഞ ഭാഷയായി മലയാളം മാറി. വിപണി ശൃംഖല
യും മൂലധനശൃംഖലയും പ്രവാസത്തിന്റെ സാധ്യതകൾ വർദ്ധിപ്പിച്ച
അകത്തേക്കും പുറത്തേക്കും ഏറ്റവുമധികം പ്രവാസികളുള്ള ഇന്ത്യ
സംസ്ഥാനങ്ങളിലൊന്നായി കേരളം മാറി. ഇംഗ്ലീഷിലും ഹിന്ദിയില
മൊക്കെയാണ് ഇനി മലയാളിയുടെ ഭാവിയെന്ന ആശയം ബലപ്പെ
ത്താൻ ഇതും ഒരു കാരണമായി മാറി. രാഷ്ട്രത്തിന്റെ അയവുള്ള
ഫെഡറൽ ഘടനയെ മുതലാളിത്ത കേന്ദ്രീകരണം കൂടുതൽ
ഏകമുഖവും ഏകശിലാത്മകവുമാക്കി മാറ്റി. കേരളത്തിലെ
പൊതുവിദ്യാലയങ്ങളിൽ അവശേഷിക്കുന്ന മാതൃഭാഷാമാധ്യമക്ലാ
സുകളെക്കൂടി ഇംഗ്ലീഷ് മാധ്യമത്തിലേക്കുമാറ്റുകയെന്നത്
അതിജീവനവഴിയായി കണ്ട അധ്യാപകസംഘടനകൾ വിദ്യാ
ലയങ്ങൾക്കൊത്തുനിന്നുകൊണ്ടു ഈ മാറ്റത്തിനു വേഗം കൂട്ടി.

ഭാഷാ പരിസ്ഥിതിയെ ഏറ്റവുമധികം സ്വാധീനിച്ച മറ്റൊ
ഘടകം സാങ്കേതിക വിദ്യയുടെ വികാസമാണ്. ഭാഷയുടെ
കാര്യത്തിൽ അത് അച്ചടിമുതൽ ആരംഭിക്കുന്നു. എഴുത്തിനേക്കാൾ

വേഗതയും പ്രാപ്യതയും കൂടിയ അച്ചടി അതുകൊണ്ടുതന്നെ എഴുത്തിനേക്കാൾ വലിയ അധികാരപദവി കൈവരിച്ചു. ദേശീയത എപ്രകാരമാണോ ഒരു രാഷ്ട്രം ഒരു ഭാഷ എന്ന ആശയത്തെ നടപ്പിലാക്കാൻ ശ്രമിച്ചത്, അതേ പ്രകാരത്തിൽ അതത് ഭാഷകൾക്കകത്തെ പ്രാദേശിക മുദ്രകളെ മായ്ച്ചും പ്രാദേശിക ഭേദങ്ങളെ മുഴുവൻ ഏകീകരിച്ചും മാനകഭാഷയിൽ ലയിപ്പിക്കാൻ ആണ് ഒരു ഘട്ടം വരെ അച്ചടിയും ശ്രമിച്ചത്. ജാതി-ദേശ-വംശ വ്യത്യാസങ്ങൾക്കനുസരിച്ചുള്ള മലയാളത്തിന്റെ നിരവധി ഭാഷാഭേദങ്ങൾക്കുമേൽ മാനകമലയാളത്തെ ഉറപ്പിച്ചെടുത്തത് അച്ചടിയും അനുബന്ധ വ്യവസായങ്ങളും ഉൾപ്പെട്ട ഭാഷാപരിസ്ഥിതി കൂടിയാണ്. നാട്ടിൻപുറത്തെ പറമ്പുകൾക്കും വീടുകൾക്കുമെല്ലാം പേരിടുന്ന പഴയൊരു രീതിയുണ്ടായിരുന്നു മലയാളത്തിൽ. അത് മിക്കവാറും പാരിസ്ഥിതിക സൂചനകളുമായോ മറ്റേതെങ്കിലും നിർമ്മിതികളുമായോ ബന്ധപ്പെട്ട പേരുകളായിരിക്കും. കുന്നുംപുറത്ത്, പാറേമ്മൽ, കുളത്തിന്റവിട, മാവുള്ളതിൽ, തെങ്ങുള്ളതിൽ, പനയുള്ളതിൽ, താനിയുള്ളതിൽ എന്നിങ്ങനെയുള്ള നിരവധി വീട്ടുപേരുകളും സ്ഥലപ്പേരുകളും ഉദാഹരണങ്ങളാണ്. ഇത്തരം പേരുകൾ ഇന്ന് മലയാളത്തിൽ അപൂർവ്വമാണ്. ആധാരങ്ങളിലും മറ്റുമാണ് ഇന്ന് ഇവ കൂടുതലും നിലനിൽക്കുന്നത്. ഇത്തരം പേരുകൾക്കുപകരം പുതിയ പേരുകൾ നിലവിൽവന്നു. പരിസ്ഥിതിയോടും ദേശത്തോടും ചരിത്രത്തോടും എന്നതിനേക്കാൾ ദേശീയതയോടും സാർവലൗകികതയോടും ആധുനികമായ ആശയാവലികളോടും ചേർന്നു നില്കുന്നവയാണവ. കൈലാസം, മിഥില, മധുര, അമ്പാടി, അറഫ, ബഥനി, നെസ്റ്റ്, നീഡം, കൃഷ്ണ നിവാസ് തുടങ്ങിയവ ഇത്തരത്തിൽ രൂപംകൊണ്ട വീട്ടുപേരുകളാണ്. ഒരുകൂട്ടം പേരുകൾ മാറി മറ്റൊരുകൂട്ടം നിലവിൽ വരുന്നതരത്തിലുള്ള മാറ്റമല്ലിത്. പേരുകൾക്കുപിറകിൽ പ്രവർത്തിക്കുന്ന സവിശേഷബോധരൂപങ്ങൾ ആദേശം ചെയ്യപ്പെടുകയും പകരം മറ്റൊന്ന് സ്ഥാപിതമാവുകയുമാണ്. സാർവ ലൗകികവും ദേശീയവും മതാത്മകവുമായ ബോധരൂപങ്ങളെ ഭാഷയ്ക്കകത്ത് പ്രവർത്തനക്ഷമമാക്കാൻ കഴിയുന്ന ഭാഷാപരിസ്ഥിതിയാണ് ഈ മാറ്റത്തിനെ സാധ്യമാക്കിത്തീർത്തത്.

സാങ്കേതിക വിദ്യാവികാസമാണ് ഭാഷാപരിസ്ഥിതിയിലെ മറ്റൊരു നിർണായകമാറ്റം. സാങ്കേതികവിദ്യാവികാസത്തിലൂടെ കൈവരിച്ച വിനിമയ ശൃംഖലയാണ് ഇതിൽ ഏറ്റവും ശ്രദ്ധേയം. ഇതാകട്ടെ വിപണി ശൃംഖലയുമായി ചേർന്നാണ് ഇന്ന് മിക്കവാറും

പ്രവർത്തിക്കുന്നത്. അത്യാവശ്യവസ്തുക്കളുടെ ഉല്പാദ കൊണ്ടുമാത്രമല്ല, അത്ര അത്യാവശ്യമല്ലാത്ത വസ്തുക്കളു ഉല്പാദനം കൊണ്ടുകൂടിയാണ് വിപണി നിലനില്ക്കുന്ന അത്രയ്ക്ക് അത്യാവശ്യമല്ലാത്ത ഈ വസ്തുക്കളെ അത്യാവശ വസ്തുവാണെന്ന് ബോധ്യപ്പെടുത്തിയെടുക്കലാണ് സംസ്കാര ഭാഷയും ഉൾപ്പെടുന്ന വിനിമയശൃംഖലയുടെ പുതിയ ധർമ്മ അതുകൊണ്ടാണ് 21 ാം നൂറ്റാണ്ടിലെ ഏറ്റവും വലിയ കലയാ പരസ്യകല മാറിത്തീരുന്നത്. ആശയവിനിമയത്തെ വികസി മുതലാളിത്തത്തിന്റെ തന്ത്രപ്രധാന മണ്ഡലമായി വിശേഷിപ്പിച്ചി ക്കുന്നതും മറ്റൊന്നും കൊണ്ടല്ല. മാറിത്തീർന്ന ഭാഷ പരിസ്ഥിതിയിൽ അർത്ഥോൽപാദനവും ആശയവിനിമയവു കൂടുതൽ സങ്കീർണമാണ്. ആശയവിനിമയമെന്നാൽ സമ്മ നിർമ്മിതിയാണെന്ന അൽത്തൂസറുടെയും ഗ്രാംഷിയുടെയു നിരീക്ഷണങ്ങൾ ഇതിനെ ശരിവെക്കുന്നുണ്ട്. അർത്ഥം എന്നാ ഭാഷാസമൂഹത്തിൽ നിലനിൽക്കുന്ന ധാരണയാണ് (കരാറാ എഗ്രിമെന്റ്") എന്നതായിരുന്നു അർത്ഥത്തെക്കുറിച്ചുള്ള പ ധാരണ. ഒരു സമൂഹത്തിൽ നിലനിൽക്കുന്ന കരാർ അഥവ പരസ്പര ധാരണ എന്നതിൽനിന്നും ഏകപക്ഷീയമായ സമ്മ നിർമ്മിതി എന്ന നിലയിലേക്ക് ഭാഷയിലെ അർത്ഥോല്പാദ ത്തെയും ആശയവിനിമയത്തെയും സംബന്ധിച്ച ധാരണകൾ മാ വരുന്നത് ഭാഷാപരിസ്ഥിതിയിലെ മാറ്റത്തെക്കൂടി തിരിച്ചറിഞ്ഞതിന്റെ ഫലമാണ്. വിശേഷിച്ചും സാങ്കേതികവിദ്യയുടെയും ആശയവിനിമ ശൃംഖലയുടെയും കാര്യത്തിലുണ്ടായ വികാസത്തെ മുൻനിർത്തി യുള്ള മാറ്റങ്ങൾ. ഒരു സമൂഹത്തെയും അതിൽ പ്രവർത്തനക്ഷമമാ യിത്തീരുന്ന അധികാരത്തെയും രൂപപ്പെടുത്തുന്നതിൽ ഭാഷയ്ക്കു അതുവഴിയുള്ള ആശയവിനിമയത്തിനും നിർണായകമായ ചില പങ്കുകളുണ്ട്. അതുകൊണ്ടാണ് വികസിതമുതലാളിത്തത്തിന്റെ തന്ത്രപ്രധാനമണ്ഡലമായി ഭാഷ മാറുന്നത്. മനുഷ്യനെ കേന്ദ്രമാ ക്കിയുള്ള വികസനസങ്കല്പമാണ് വികസിത മുതലാളിത്തത്തിന്റേത്. എല്ലാ വിഭവങ്ങളുടേയും മേൽ അധികാരവും ഉപഭോഗശേഷിയും ഉറപ്പിക്കുന്നതാണ് ഇത്. പാരിസ്ഥിതികവും സാമൂഹ്യവുമായ പ്രത്യാഘാതങ്ങളെ രൂക്ഷമാക്കിക്കൊണ്ട് ശതകോടീശ്വരന്മാരായ ന്യൂനപക്ഷത്തിന്റെ സുഖവും ജീവിതഭദ്രതയും ഉറപ്പുവരുത്തുന്ന വികസനമാണത്. ഈ വികസനം മറ്റുള്ളവർക്ക്കൂടി പ്രാപ്യമായി ത്തീരുമെന്ന വ്യാമോഹനിർമ്മിതിയും കപട പ്രതീതിയുമാണ് മുതലാ ളിത്ത വികസനത്തിന്റെ ബലം. ഇതൊരു സാർവലൗകിക

വികസനമാണെന്നും ഇതിന്റെ ഭാഷ ഇംഗ്ലീഷാണെന്നും ഇതിലേക്ക്
പ്രവേശിക്കാനുള്ള ആദ്യപടി അതിന്റെ ഭാഷ സ്വായത്തമാക്കലാ
ണെന്നും ഉള്ള പ്രതീതിയും ഇന്ന് വളരെ പ്രബലമാണ്.

ഈ ധാരണ ഏതെല്ലാം തരത്തിൽ പ്രവർത്തിക്കാമെന്നതി
നുള്ള ചില ദൃഷ്ടാന്തങ്ങൾ ദേശീയ വിദ്യാഭ്യാസനയ പരിഷ്കാര
ത്തിന്റെ സന്ദർഭത്തിലും നമുക്ക് കാണാൻ കഴിയും. ഫെഡറൽ
സ്വഭാവമുള്ള ഒരു ഭരണ സംവിധാനത്തിൽ കേന്ദ്രീകൃത അധികാര
ത്തിന് എപ്പോഴും ഒരു സംയോജക സ്വഭാവമാണുണ്ടാവുക. എന്നാൽ
അത് സർവ്വാധികാര കേന്ദ്രീകരണം ആകുന്നുവോ എന്ന ആശങ്കയും
അനുബന്ധ ചർച്ചകളിൽ ഇന്ത്യൻ പൊതു മണ്ഡലത്തിൽ ഇന്ന്
ഉയർന്നുവരുന്നുണ്ട്. അത്തരമൊരവസ്ഥയിൽ പാഠ്യപദ്ധതി
രൂപീകരണത്തിലുൾപ്പെടെയുള്ള പ്രാദേശികസ്വാതന്ത്ര്യവും
അതുവഴി പാഠ്യ പദ്ധതികളിലെ ഉള്ളടക്കപരമായ വൈവിധ്യങ്ങളും
പരിമിതപ്പെടുന്നത് ആശങ്കകളെ വർദ്ധിപ്പിക്കും. ഉന്നതവിദ്യാഭ്യാസ
മേഖല ആഗോള മൂലധനത്തിനുമുന്നിൽ പൂർണമായും തുറന്നുവെക്ക
പ്പെടുമ്പോൾ ഇന്ത്യൻ വിദ്യാഭ്യാസം ഇതുവരെയുണ്ടാക്കിയ
വിദ്യാഭ്യാസമുന്നേറ്റത്തെ അതെങ്ങനെയെല്ലാം ബാധിക്കുമെന്ന
ഉത്കണ്ഠകളും വളരെയധികമാണ്. എന്നാൽ ഇതിനെക്കാളേറെ
ചിലരെ വേവലാതിപ്പെടുത്തുന്നത് അഞ്ചാം ക്ലാസുവരെയോ എട്ടാം
ക്ലാസുവരെയോ മാതൃഭാഷയോ പ്രാദേശിക ഭാഷയോ
ആയിരിക്കണം വിദ്യാഭ്യാസത്തിന്റെ മാധ്യമം എന്ന നിർദ്ദേശമാണ്.
കഴിവുണ്ടായിട്ടും ഭാഷാവിവേചനം ഒന്നുകൊണ്ടുമാത്രം
വിദ്യാഭ്യാസത്തിന്റെ പല തലങ്ങളിൽവെച്ച് ഒഴിവാക്കപ്പെടുന്ന
മലയോര, തീരദേശ, ദളിത് മേഖലകളിൽ നിന്നുള്ള എത്രയോ
വിദ്യാർഥികൾക്ക് പ്രതീക്ഷ പകരുന്ന നിർദ്ദേശമാണിത്. മുതലാളി
ത്ത വികസനത്തിന്റെ ഗുണഭോക്താക്കളും നഗര-ഉപനഗരവാസി
കളുമായ ന്യൂനപക്ഷത്തിന്റെ താല്പര്യം പിന്നോക്ക ദളിത്
വിഭാഗങ്ങളുടെകൂടി ചെലവിൽ എങ്ങനെ നടപ്പിലാക്കാമെന്ന
പരീക്ഷണവും വിദ്യാഭ്യാസനയപരിഷ്കരണ ചർച്ചകൾക്കിടയിൽ
ഉയർന്നു വന്നു. ഇംഗ്ലീഷ് ഭാഷ പഠിക്കുന്നതുകൊണ്ടല്ല, ഇംഗ്ലീഷ്
മാധ്യമവിദ്യാലയങ്ങളിൽ പഠിക്കുമ്പോൾ മാത്രമാണ് ദളിതർക്ക്
സമൂഹശാസ്ത്രം പറയുന്ന ഉയർച്ചയിലേക്കുള്ള ചലനാത്മകത
(Upward mobility) കൈവരിക്കാനാകുന്നതെന്ന വാദം നവമാധ്യമങ്ങളി
ലൂടെ വ്യാപകമായി പ്രചരിപ്പിച്ചു. സജീവ സമ്പർക്കങ്ങളിലൂടെ
പുലരുന്ന ബഹുഭാഷാ ലോകവ്യവസ്ഥയാണിന്ന് നമുക്കുള്ളത്.
അവിടെ ഒരു ഇണക്കുഭാഷയെന്ന നിലയിൽ ഇംഗ്ലീഷിനു വലിയ

സാധ്യതകളാണുള്ളത്. എന്നാൽ ഇംഗ്ലീഷ് ഭാഷയിൽ പരിജ്ഞാനമുള്ള (അതിന് ഇംഗ്ലീഷ് മാധ്യമങ്ങളിൽ പഠിക്കേണ്ട നിർബന്ധമില്ല) ഒരാൾക്കില്ലാത്ത എന്ത് മേന്മയാണ് ഇംഗ്ലീഷ് മാധ്യമ വിദ്യാലയത്തിലൂടെ ഒരാൾക്ക് ലഭിക്കുന്നത്? അത് ചില വിശ്വാ ങ്ങളിൽനിന്നു ലഭിക്കുന്ന പെരുമാറ്റ രീതിയുൾപ്പെടെയുള്ള പാശ്ചാത്യ-മുതലാളിത്ത സംസ്കാരമല്ലാതെ മറ്റെന്താണ്? ഇവിടെ ഉന്ന യിലേക്കുള്ള ചലനാത്മകത എന്നതിനർത്ഥം ദളിതർ അവരുടെ സംസ്കാരത്തെയും അതിന്റെ തുടർച്ചകളെയും ഉപേക്ഷിച്ച് പാശ്ചാത്യമുതലാളിത്ത സംസ്കാരത്തെ പിന്തുടരുക എന്ന കൂടിയാണ്. അവരവരുടെ സംസ്കാരത്തെ മെച്ചപ്പെട്ട നിലയിലേ പരിവർത്തിപ്പിക്കാൻ പ്രാപ്തിയുണ്ടാക്കുന്നതായിരിക്കണം വിദ്യാഭ്യാസം. അതിനർത്ഥം ഒരു ജനത സ്വന്തം സംസ്കാരത്തെ ഉപേക്ഷിച്ച് മറ്റൊന്നിലേക്ക് ആദേശം ചെയ്യപ്പെടുക എന്ന അതിനാൽ ഈ ഉന്നതചലനാത്മകത മുതലാളിത്ത അധികാ ത്തിന്റെ അനുകൂല വ്യവസ്ഥകളിലേക്ക് ആളുകളെ പരിവർത്തിപ്പി ടുക്കുന്ന ഒന്നാണ്. ഈ പരിവർത്തനത്തിന്റെ/ഉന്നതചലനാത്മക യുടെ-ഇന്ത്യൻ/കേരള യാഥാർഥ്യങ്ങളിലേക്ക് കണ്ണോടിക്കുമ്പോ ഴാണ് ഈ തട്ടിപ്പുവാദത്തിലെ വൈരുധ്യവും അതിന്റെ യാഥാർഥ്യവും മറനീക്കി പുറത്തു വരിക. ആരാണ് ദളിതർ? ഇപ്പോഴും പല ദേശങ്ങളിലും പൊതു ഇടങ്ങളിലേക്ക് പ്രവേശനം നിഷേധിക്കപ്പെട്ടവരായി, മനുഷ്യാവകാശങ്ങളും പൗരാവകാ ശങ്ങളും നിഷേധിക്കപ്പെട്ടവരായി തൊഴിൽ-ലൈംഗിക സാമ്പത്തിക ചൂഷണങ്ങൾക്ക് വിധേയരാകുന്നവരായി പലപ്പോഴും നീതി നിഷേധിക്കപ്പെടുന്നവരായി, നിശ്ശബ്ദരാക്കപ്പെടുന്നവരായി കുടിവെള്ളത്തിനു നാഴികകൾ സഞ്ചരിക്കുന്നവരായി, തൊഴിലിനു ഭക്ഷണത്തിനുംവേണ്ടി നടന്നു തളർന്ന് വഴി വക്കിൽ വീണു മരിക്കു ന്നവരായി നമുക്കൊപ്പം ജീവിക്കുന്ന ഒരു ജനതയുടെ പേരാണ് ദളിതർ എന്നത്. അവർക്കാണോ ഇംഗ്ലീഷ് മാധ്യമവിദ്യാഭ്യാസ ത്തിലൂടെ ഉന്നതചലനാത്മകതയുണ്ടാക്കാമെന്ന വാദവുമായി ചിലർ ഇറങ്ങിയിരിക്കുന്നത്? അല്ലെന്നു മനസ്സിലാക്കാൻ ഈ പറഞ്ഞ ഇന്ത്യൻ ദളിത് യാഥാർഥ്യത്തിനു നേർക്ക് ഒറ്റത്തവണ നോക്കിയാൽ മതിയാകും. അടിസ്ഥാനവിദ്യാഭ്യാസം ലഭിച്ചവരും കോളജുകൾ സർവകലാശാലകൾ തുടങ്ങിയ മെച്ചപ്പെട്ട തൊഴിൽ മേഖലകളിൽ ജോലി ലഭിച്ചവരും പാശ്ചാത്യ മുതലാളിത്ത വികസനത്തിലേക്കും അതിന്റെ സംസ്കാരത്തിലേക്കും പ്രവേശിക്കാൻ വെമ്പിനിൽക്കുന്ന വരുമായ വരേണ്യ ദളിതർക്കുവേണ്ടിയാണ് ഈ വാദം മുന്നോട്ട്





വെക്കപ്പെട്ടിട്ടുള്ളത്. എന്നാൽ
ആഗ്രഹിക്കുന്നത് തങ്ങളുടെ
അംഗീകരിക്കുന്ന, അതിന്റെ
സാമൂഹ്യതുല്യതയും സാമ
വും ലഭിക്കുന്ന ഒരു സാ
സാമൂഹ്യപരിസ്ഥിതി മാത്ര
ദളിത് ഭാഷകളെയും അ

സാമൂഹ്യപരിസ
അവ തമ്മിലുള്ള സംഘ
ണ്ട്. എന്നാൽ അതിന
അതിൽ ഇടപെടാനും
സാമൂഹ്യാധികാര
കൈവരിക്കുന്ന ഒരു
പ്രവർത്തകർക്കും
പരിവർത്തനങ്ങൾക്ക
സമിതിയായി സാമ
പ്രവർത്തകർക്കും
പ്രവർത്തകരുടെയു
ആവശ്യപ്പെടുന്ന മ

കുന്നിടിക
ഒറ്റയടിക്ക് റദ്ദാക്ക
വാക്കാണ് മണ്ണടി
ത്തും ഒരുപോ
മണ്ണടിച്ചു? എ
കമ്പനികളും
വികസനം സ
പദം മലയാള
പ്രയോഗത്തി
ക്കുക, വെ
ശൃംഖലാ
നികത്തലി
രാഷ്ട്രീയവു
കുടിയായി
വാക്കിനാ
മൂലധന
ലാഭമുണ്ട

വെക്കപ്പെട്ടിട്ടുള്ളത്. എന്നാൽ ഇന്ത്യയിലെ ബഹുഭൂരിഭാഗം ദളിതരും ആഗ്രഹിക്കുന്നത് തങ്ങളുടെ ചരിത്രത്തെയും സാംസ്കാരത്തെയും അംഗീകരിക്കുന്ന, അതിന്റെ തുടർച്ചയിനിന്നുകൊണ്ട് തങ്ങൾക്ക് സാമൂഹ്യതുല്യതയും സാംസ്കാരികതുല്യതയും അവസരസമത്വ വും ലഭിക്കുന്ന ഒരു സാമൂഹ്യ വ്യവസ്ഥയാണ്. അത്തരമൊരു സാമൂഹ്യപരിസ്ഥിതി മാതൃഭാഷയെയും പ്രാദേശിക ഭാഷകളെയും ദളിത് ഭാഷകളെയും അംഗീകരിക്കുന്ന ഒന്നുകൂടിയായിരിക്കും.

സാമൂഹ്യപരിസ്ഥിതിയിലെ എല്ലാ അധികാര രൂപങ്ങളും അവ തമ്മിലുള്ള സംഘർഷവും ഭാഷയ്ക്കകത്തു പ്രവർത്തിക്കുന്നു ണ്ട്. എന്നാൽ അതിനെ വേണ്ട വിധത്തിൽ മനസ്സിലാക്കാനും അതിൽ ഇടപെടാനും ജനകീയതലത്തിൽ വേണ്ടത്ര കഴിയാറില്ല. സാമൂഹ്യാധികാരങ്ങളുടെ സംഘർഷം നിർണായകരൂപം കൈവരിക്കുന്ന ഒരു മണ്ഡലമായി ഭാഷയെ കാണാൻ സാമൂഹ്യ പ്രവർത്തകർക്കും കഴിയേണ്ടതുണ്ട്. അതേപോലെ ഭാഷയിലെ പരിവർത്തനങ്ങൾക്കു നിയാമകമായി പ്രവർത്തിക്കുന്ന ഭാഷാപരി സ്ഥിതിയായി സാമൂഹ്യപരിസ്ഥിതിയെ മനസ്സിലാക്കാൻ ഭാഷാ പ്രവർത്തകർക്കും കഴിയേണ്ടതുണ്ട്. അതോടൊപ്പം പരിസ്ഥിതി പ്രവർത്തകരുടെയും സാംസ്കാരിക പ്രവർത്തകരുടേയും ഇടപെടൽ ആവശ്യപ്പെടുന്ന മണ്ഡലം കൂടിയാണ് ഭാഷ.

കുന്നിടിക്കുക, വയൽനികത്തുക എന്നീ വാക്കുകളെ ഒറ്റയടിക്ക് റദ്ദാക്കിക്കൊണ്ട് മലയാളത്തിലേക്കു കടന്നുവന്ന ഒരു വാക്കാണ് മണ്ണടിക്കൽ. കുന്നിടിക്കുന്നിടത്തും വയൽ നികത്തുന്നിട ത്തും ഒരുപോലെ ചോദിക്കാവുന്ന ചോദ്യമാണ്. എത്ര ലോഡ് മണ്ണടിച്ചു? എന്നുള്ളത്. വൻകിട നിർമ്മിതികളും അന്താരാഷ്ട്ര കമ്പനികളും കൺസൾട്ടൻസികളുമെല്ലാം ഉൾപ്പെട്ട മുതലാളിത്ത വികസനം സജീവമായിത്തീർന്ന സന്ദർഭത്തിലാണ് ഇത്തരമൊരു പദം മലയാളത്തിൽ പ്രചാരം നേടുന്നത്. മണ്ണടിക്കുക എന്ന പ്രയോഗത്തിലെ ബോധം കൂട്ടിച്ചേർക്കപ്പെടുന്നത് അടിച്ചുനിരപ്പാ ക്കുക, വെള്ളമടിക്കുക തുടങ്ങിയ ഒട്ടേറെ പദങ്ങളുടെ ശൃംഖലാബന്ധത്തിലേക്കാണ്. കുന്നിടിക്കലിലും വയൽ നികത്തലിലുമെല്ലാമുള്ള പരിസ്ഥിതി ബോധവും പരിസ്ഥിതി രാഷ്ട്രീയവും റദ്ദായിപ്പോകുന്ന-റദ്ദായിത്തീരേണ്ടുന്ന- ഒരു സന്ദർഭം കൂടിയായി മാറുന്നു ഇത്. മൂലധനമെന്ന വാക്ക് നിക്ഷേപമെന്ന വാക്കിനാൽ പകരം വെക്കപ്പെട്ടതും ഇതേ വിധത്തിൽ തന്നെയാണ്. മൂലധനമെന്നാൽ മുടക്കുമുതൽകൂടിയാണെന്നും മുടക്കുമുതലിനു ലാഭമുണ്ടാകാമെന്നും ലാഭമുള്ളിടത്ത് ചൂഷണമുണ്ടാകുമെന്നുമുള്ള

പരസ്പരബന്ധിതത്വം കൊണ്ടുള്ള ശൃംഖലാബലം മൂലധനത്തി... അർത്ഥച്ഛായയായി പ്രവർത്തിക്കുന്നുണ്ട്. നിക്ഷേപത്തിൽ അങ്ങ... യൊരു ശൃംഖലാബന്ധം പ്രത്യക്ഷത്തിൽ നമുക്കനുഭവപ്പെടുക... അതിനാൽ ലോകവ്യവസായികളെ ക്ഷണിച്ചു വരുത്തി പുതി... വ്യവസായങ്ങൾ ആരംഭിക്കാൻ അവർക്ക് സൗകര്യങ്ങൾ ഒരു... ക്കൊടുക്കുന്ന സമ്മേളനത്തിന്റെ ഇക്കാലത്തെ ഓമനപ്പേർ ആഗോ... നിക്ഷേപകയോഗം (ഗ്ലോബൽ ഇൻവെസ്റ്റ്മെന്റ് മീറ്റ്) എന്നാണ്. ... വാക്കിനെ അതിന്റെ ചരിത്രത്തിൽനിന്ന്, സാംസ്കാരിക-രാഷ്ട്രീ... വിവക്ഷകളിൽനിന്ന് അടർത്തിമാറ്റി പകരം വക്കും മുന... ത്തേച്ചുമിനുക്കി സുന്ദരമാക്കിയ പുതിയ വാക്കുകൾ നല്കി ഭാഷ... വൃത്തിവല്ക്കരിച്ചെടുക്കുന്ന പുതിയ സംസ്കാര വ്യവസാ... ഭാഷയിലും പ്രവർത്തിക്കുന്നത് നമുക്ക് കാണാൻ കഴിയും.

കൊച്ചി മരട് പ്രദേശത്തെ പഴയ വീടുകളുടെ പേരുക... നെടുംപിള്ളിൽ, കണിയാമ്പിള്ളിൽ, കടേക്കുഴി എന്നെല്ലാമാണെ... ഈയടുത്ത കാലത്ത് വാർത്തകളിൽ കാണുകയുണ്ടായി.' എന്നാ... അവിടെ ഉയർന്നുവന്ന പുതിയ ഫ്ളാറ്റുകൾ ആധുനിക മുതലാളി... വികസനത്തിന്റെ ഭാഗമാണ്. അത് താമസക്കാർക്ക് ഉയർച്ച... ലേക്കുള്ള ചലനാത്മകത പകരുന്നതുമാണ്. അതിനാൽ അതി... പേര് മലയാളത്തിലായാൽ പോരാ, ഇംഗ്ലീഷിൽ തന്നെയാക... മെന്നത് അധികാരവ്യവഹാരങ്ങൾ നിർമ്മിച്ച പൊതുബോധമാ... (അവിടെ എത്ര ദളിതർ ഉണ്ടായിരുന്നോ ആവോ?) അതിനാ... അവയുടെ പേര് ആൽഫ സെറീൻ, ഹോളി ഫെയ്ത്ത് എച്ച്2... എന്നിങ്ങനെയായിരുന്നു. മറ്റു മനുഷ്യരെക്കാളും പരിസ്ഥിതിയെ... ക്കാളും വിപണി മൂല്യവും വില്പന സാധ്യതയും ലാഭവും ആണ്... പ്രധാനമെന്നു കരുതുന്ന ഒരു വ്യവസ്ഥയുടെ ഭാഷ കൂടിയാണ... അതിന്റെ പ്രവർത്തനങ്ങൾ കോടതി വിധിയിലേക്കും ഫ്ളാറ്റി... താമസിച്ച കുറേ മനുഷ്യരുടെ ദുർവിധിയിലേക്കും എത്തിച്ചേർന്ന... തോടെ അവരുടെ ഭാഷയിലും ചില മാറ്റങ്ങൾ വന്നു. ഒരു കോടതി... വിധിയോടെ വിറ്റും കടം വാങ്ങിയും സ്വന്തമാക്കിയ ഫ്ളാറ്റുക... നഷ്ടമാകുമെന്നു വന്നതോടെ അതിലെ താമസക്കാർക്ക് സംഭവി... പുതിയൊരു ചലനാത്മകതയുണ്ട്. സമൂഹശാസ്ത്രം കുത്തനെയുള്ള... (താഴോട്ടേക്കുള്ള) ചലനാത്മകത (Vertical Descending Mobility) എന്നാണതിനെ വിശേഷിപ്പിക്കുക. അതോടെ തൊട്ടടുത്ത... നെടുംപിള്ളിൽക്കാരോടും കണിയാമ്പിള്ളിൽക്കാരോടു... കേരളത്തിലെ സാധാരണമനുഷ്യരോടും സംവദിക്കാനുള്ള... ഭാഷയിൽ അവർ തങ്ങളെ സ്വയം കണ്ടെത്തി. അങ്ങനെ ആൽഫ...

സെറീനും, ഹോളി ഫെയ്ത്ത് 02 വും സംരക്ഷിക്കുന്നതിനുവേണ്ടി മരട് ഭവന സംരക്ഷണസമിതി എന്ന ഒരു പുതിയ സമിതി രൂപം കൊണ്ടു. ഭാഷാപരിസ്ഥിതിയും അതിനുള്ളിൽ ഒരാളുടെ ശൃംഖലാബന്ധങ്ങളും ആണ് അയാളുടെ ഭാഷയെയും അതിന്റെ സ്വഭാവത്തെയും തീരുമാനിക്കുന്നതെന്ന് ഒരിക്കൽക്കൂടി തെളിയിക്കപ്പെട്ടു.

ഭാഷ, എത്രത്തോളം മനുഷ്യരെ ഉൾക്കൊണ്ടിട്ടുണ്ടോ അത്രത്തോളം മനുഷ്യരും ഭാഷയെ ഉള്ളിൽ വഹിക്കുന്നുണ്ട്. എന്നാൽ എപ്പോൾ, എങ്ങനെ മനുഷ്യർ ഭാഷയിൽ സ്വയം ആവിഷ്കരിക്കപ്പെടണം എന്നെല്ലാം തീരുമാനിക്കുന്നത് ഭാഷാപരിസ്ഥിതിയാണ്. ഓരോ ജനതയുടേയും പരിസ്ഥിതി, സംസ്കാരം, സാമൂഹ്യസംഘർഷങ്ങൾ തുടങ്ങിയവ അവരുടെ ഭാഷകളിൽ മുദ്രണം ചെയ്യപ്പെടുന്നുണ്ട്. ഒരു ജനതയുടെ പരിസ്ഥിതി, സംസ്കാരം, ചരിത്രം തുടങ്ങിയ അനുഭവയാഥാർഥ്യങ്ങളോട് ഏറ്റവും അടുത്തു നില്ക്കുന്ന ഭാഷ അവരുടെ മാതൃഭാഷയാണ്. എന്നാൽ മാതൃഭാഷതന്നെ നിലനിൽക്കണോ വേണ്ടയോ എന്നും നിലനിൽക്കുന്ന മാതൃഭാഷയുടെ സ്വഭാവം എന്തായിരിക്കണമെന്നുമെല്ലാം തീരുമാനിക്കുന്നത് ഭാഷാപരിസ്ഥിതിയാണ്. അതിനാൽ സാമൂഹ്യപരിസ്ഥിതി തന്നെയാണ് ഭാഷാപരിസ്ഥിതിയെന്ന് തിരിച്ചറിയാനും സാമൂഹ്യസംഘർഷങ്ങളെയും ഭാഷാപ്രശ്നങ്ങളെയും പരസ്പരം ബന്ധപ്പെടുത്തി മനസ്സിലാക്കാനും നമുക്കു കഴിയേണ്ടതുണ്ട്.

## കുറിപ്പുകൾ

1. ഉള്ളുകെട്ടത്
2. ഉള്ളുശൂന്യം
3. മുളച്ചത്
4. ഇംഗ്ലീഷുകാരന്റെ കാക്കകരച്ചിലിൽ അനുസ്വാരം ചേർത്താൽ അത് നമ്മുടെ തവളക്കരച്ചിലാകും (ക്രോം... ക്രോം....). ഈ പേക്രോം കരച്ചിലിനെയാകണം മലയാളത്തിന്റെ ചില പ്രാദേശികഭേദങ്ങൾ പേക്കൻ ആക്കിയത്. തവളയുടെ ഭാഷാഭേദമാണ് പേക്കൻ.
5. അംബികാസുതൻ മങ്ങാടിന്റെ എൻമകജെ എന്ന നോവലിലെ ഒരു കഥാപാത്രം ഒരു സന്ദർഭത്തിൽ ഏതാണ്ട് ഇപ്രകാരം പറയുന്നുണ്ട്. എല്ലാവർക്കും പൊതുവായ ഒരുവീട് ഞങ്ങളുടെ ഭാഷയിൽ ഇല്ല. നായ്ക്കന് പൊര, ബണ്ടന്മാർക്ക് ഗുത്തു, പൂജാരിമാർക്ക് (തീയ്യ) കൊട്ട്യാ, മൊഗർ/കോപ്പാളർ എന്നിവർക്ക് ദട്ടിനെ, കൊറഗർക്ക് കൊപ്പ, മാദിഗർക്ക് മാട, മാവിലർക്ക് ചേര, ജൈനർക്ക് ബസ്തി, ബ്രാഹ്മണർക്ക് മനെ എന്നിങ്ങനെയാണവർക്ക് വീടുകൾ. ഇത്തരം വേർതിരിവുകൾ ഭാഷയിൽ ഇല്ലാതായെങ്കിലും സവർണഭാഷ, ദളിത് ഭാഷ എന്നെല്ലാമുള്ള വിവേചനങ്ങൾ ഇപ്പോഴുമുണ്ട്. പുതിയ രാഷ്ട്രീയ സന്ദർഭങ്ങളിൽ പഴയ ഭാഷാധികാരങ്ങൾ വീണ്ടെടുക്കാനുള്ള ശ്രമങ്ങളും നടക്കുന്നുണ്ട്.
6. "It can said that the recent spectacular defeats of the workers movement on world

scale have in no small measure been due to the fact that the class enemy has alw won the battle of language and that the workers movement has always neglec this terrain" (Jean Jacques Lecercle: 12-13).

7. മരട് ഫ്ലാറ്റുകൾ പൊളിച്ച സമയത്ത് കേടുപാടുകൾ പറ്റിയതാ കഷ്ടതകൾ നേരിട്ടതായും പറയുന്ന തൊട്ടടുത്തുള്ള വീടുകൾ. ഫ്ല പൊളിച്ചതിന്റെ തൊട്ടടുത്ത ദിവസങ്ങളിൽ ഈ പേരു മാധ്യമങ്ങളിൽ വരികയുണ്ടായി.

**ഗ്രന്ഥസൂചി**


കെ.സേതുരാമൻ 2011 മലയാളത്തിന്റെ ഭാവി, മാതൃഭൂമി ബുക്സ് കോഴിക്കോട്

പി.പവിത്രൻ 2014 മാതൃഭാഷയ്ക്കുവേണ്ടിയുള്ള സമരം, മലയാ ഐക്യവേദി, ചെറുതുരുത്തി.

ലിജിഷ എ.ടി. 2020 ചോലനായ്ക്ക ഭാഷ–പരിസ്ഥിതിഭാഷാശാസ്ത്രപഠന (അപ്രകാശിത പിഎച്ച്. ഡി പ്രബന്ധം)

Alan Berube 2019 Jan 15, Three things that matter or upward mobility in the labou market: https:///www.brookings.edu>blog.

Edward Sapir, 1921: Language An Introduction to the study of speech, Harcour Brace: New York

Jean Lacques Lecercle, 1994: A Marxist philosophy of Language, Routledge: London

Martin Heidegger, /trabs, 1996 Being and time, State University of Newyork Press



ഡോ.കെ.എം.ഭരതൻ

പ്രൊഫസർ

സംസ്കാര പൈതൃകപഠന

മലയാള സർവ്വകലാശാല

തിരൂർ

പിൻ: 67650

email: drkmbharathan@gmail.com

Ph: +91 93889341

ORCID: 0000-0003-1752-424